**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2703** **17-03-2022 - ൽ മറുപടിയ്ക്ക്**

**രാജാക്കാട് സർവ്വീസ് സഹകരണ ബാങ്കിന് പാട്ടത്തിന് നൽകിയ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **null<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | പൊന്മുടിയിൽ രാജാക്കാട് സർവ്വീസ് സഹകരണ ബാങ്കിന് അമ്യൂസ്മെന്റ് പാർക്ക് നിർമ്മിക്കാൻ 21 ഏക്കർ ഭൂമി 15 വർഷത്തേക്ക് കെ.എസ്.ഇ.ബി. പാട്ടത്തിന് നൽകിയിരുന്നോ; | (എ) | ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഇടുക്കി ജില്ലയിലെ പൊൻമുടി ഡാമിൽ അമ്യൂസ്മെന്റ് പാർക്ക് ആരംഭിക്കുന്നതിന് രാജാക്കാട് സർവ്വീസ് സഹകരണ ബാങ്കിന് വരുമാനം പങ്കിടൽ വ്യവസ്ഥയിൽ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഭൂമി സർക്കാർ പുറമ്പോക്കാണെന്ന് റവന്യൂ വകുപ്പ് കണ്ടെത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | വില്ലേജ് റിക്കോർഡുകൾ പ്രകാരം സർക്കാർ പുറമ്പോക്കായി കാണുന്നു. ടി ഭൂമി KSEB യുടെ ഭൂമിയാണോയെന്നുള്ളത് സംബന്ധിച്ചുള്ള പരിശോധന റവന്യൂ വകുപ്പ് നടത്തി വരുന്നു. |
| (സി) | സർക്കാർ പുറമ്പോക്ക് ഭൂമി പാട്ടത്തിനു നൽകാനുള്ള അധികാരം കെ.എസ്.ഇ. ബി ക്കോ വൈദ്യുതി വകുപ്പിനോ ഉണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | 02/04/2019ലെ സ.ഉ(കൈ)116/2019/റവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഭൂമി പാട്ടത്തിന് നൽകുന്നതിനുള്ള അധികാരം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണ്. |
| (ഡി) | അനധികൃതമായി നൽകിയ ഈ ഭൂമി തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | പൊൻമുടി ഡാമിന്റെ ക്യാച്ച്മെന്റ് ഏരിയ യിൽപ്പെട്ട ടി ഭൂമി KSEBക്ക് കൈമാറിയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് KSEB എക്സിക്യൂട്ടീവ് എഞ്ചിനീയർ ഡാം സേഫ്റ്റി, പാംബ്ലക്കും, ചീഫ് എഞ്ചിനീയർ ജനറേഷൻ സർക്കിൾ, മീൻക്കട്ടിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ